പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1937 — 13.06.2019 ൽ മറുപടിക്ക്

## രാജ്യാന്തര വിപണിയിലെ വിമാന ഇന്ധനവില

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ഇ.കെ.വിജയൻ<br>,, എൽദോ എബ്രഹാം | | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | രാജ്യാന്തര വിപണിയിൽ വിമാന ഇന്ധനവില കുറഞ്ഞിട്ടും നിരക്ക് താഴ്ത്തുന്നതിന് എയർലൈൻ കമ്പനികൾ തയ്യാറാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | കേരളത്തിൽ നിന്ന് ഗൾഫ് നാടുകളിലേക്കുള്ള വിമാന യാത്രാക്കൂലി ഇക്കഴിഞ്ഞ മാർച്ചിൽ വിവിധ വിമാനക്കമ്പനികൾ വർദ്ധിപ്പിച്ച നടപടി പിൻവലിക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് 28.03.2019 ൽ കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിരുന്നു. നിരവധി മലയാളികൾ വേനലവധിക്കാലത്ത് യാത്ര നടത്തുന്ന സമയത്താണ് 400% വരെ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചത്. യാത്രക്കാർ കൂടുതലുള്ള സാഹചര്യം വിമാനക്കമ്പനികൾ മുതലെടുക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്.<br>യാത്രാക്കൂലി വർദ്ധനവ് തടയാൻ അടിയന്തിര ഇടപെടലുണ്ടാകുമെന്ന് ഈയിടെ കേന്ദ്ര വ്യോമയാന സെക്രട്ടറിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉറപ്പ് ലഭിച്ചിട്ടുണ്ട് ഇതിനായി കേന്ദ്ര വ്യോമയാന സെക്രട്ടറി വിമാനക്കമ്പനികളുടെ യോഗം വിളിക്കാനും തീരുമാനിച്ചിട്ടുണ്ട് ആഘോഷവേളകളിൽ അന്താരാഷ്ട്ര - ആഭ്യന്തര വിമാന യാത്രാ കൂലിയിൽ വൻ വർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്<br>സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന (KGST) യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട് |
| (ബി) | ദുബായ്, ഷാർജ സെക്ടറുകളിൽ വിമാനക്കമ്പനികൾ ഓഫ് സീസണിൽപോലും സാധാരണ നിരക്കിന്റെ ഇരട്ടിയും അതിലധികവും ഈടാക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | |
| (സി) | മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ അമിതനിരക്ക് വർദ്ധന ഒഴിവാക്കുന്നതിനായി തിരക്കുള്ള സീസണിൽ വിദേശ വിമാനക്കമ്പനികൾക്ക് നിശ്ചിത ദിവസത്തേക്ക് കൂടുതൽ സീറ്റ് അനുവദിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ; ആയത് പാലിക്കപ്പെടുന്നുണ്ടോ; | | |
| (ഡി) | യാത്രാനിരക്കിലെ കൊള്ള അവസാനിപ്പിക്കുന്നതിനായി എന്തൊക്കെ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ